**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2499** **02-08-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിന്റെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി മലപ്പുറം ജില്ലാ കളക്ടർക്കും, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും വിദ്യാഭ്യാസ ഉപഡയറക്ടർ കത്തുകൾ നൽകിയിരുന്നു. കൂടാതെ പ്രസ്തുത ഓഫീസ് മലപ്പുറം സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനായി ജില്ലാ കളക്ടർക്ക് നൽകിയ കത്തിന് മറുപടിയായി , സിവിൽ സ്റ്റേഷനിൽ നിലവിൽ റൂമുകൾ ഒന്നും തന്നെ ഒഴിവില്ലായെന്നും ആയതിനാൽ ടി ഓഫീസിനായി കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലത്തിന്റെ അളവ് അറിയിക്കുവാനും ടി ഉപഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് കെട്ടിടം വിഭാഗവുമായി ആലോചിച്ച് ഏകദേശം 50 സെന്റിൽ കുറയാത്ത ഭൂമി ആവശ്യമുണ്ടെന്ന് ഉപഡയറക്ടർ ജില്ലാ കളക്ടറെ അറിയിച്ചിരുന്നു. നിലവിൽ മലപ്പുറം കോട്ടപ്പടിയിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം നിലനിൽക്കുന്ന സ്ഥലത്തുതന്നെ എഡ്യൂക്കേഷൻ കോംപ്ലക്സ് പണിയുന്നത് മാത്രമാണ് ശാശ്വത പരിഹാരമെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 29/10/2019-ൽ ടി ഉപവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയും ആയതിലേക്കായി 2020-21 ബഡ്ജറ്റ് പ്രൊപ്പോസലിൽ 06 കോടി രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കി വോളിയം 02-ൽ ടോക്കൺ ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് പ്രസ്തുത എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിക്കുകയും ചെയ്തിരുന്നു. കെട്ടിടത്തിന്റെ സർവ്വേ സ്കെച്ച് , മണ്ണ് പരിശോധന, ടോട്ടൽ സ്റ്റേഷൻ സർവെയിങ്ങ് എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടം പണിയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ, സ്പെഷ്യൽ ബിൽഡിംഗ് സെക്ഷൻ |

| | | | |
|---|---|---|---|
| | | | പി.ഡബ്ല്യൂ.ഡിയിൽ നിന്നും ആർകി ടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി നൽകുകയും അത് പ്രകാരം ആവശ്യപ്പെട്ട Detailed Requirement Statement നൽകുകയും ചെയ്തിട്ടുണ്ട്. ചീഫ് ആർക്കിടെക്ട് , റീജിയണൽ ഓഫീസ്, നോർത്ത് സർക്കിൾ കോഴിക്കോട് ഓഫീസിൽ വച്ച് 09/03/2021-ൽ നടന്ന യോഗത്തിൽ പ്രസ്തുത വിദ്യാഭ്യാസ ഉപഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിടം പ്ലാൻ ചീഫ് ആർക്കിടെക്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | മലപ്പുറം സിവിൽ സ്റ്റേഷനിൽ അനുയോജ്യമായ കെട്ടിടസൗകര്യങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി മലപ്പുറം ജില്ലാ കളക്ടർക്കും, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും വിദ്യാഭ്യാസ ഉപഡയറക്ടർ കത്തുകൾ നൽകിയിരുന്നു. കൂടാതെ പ്രസ്തുത ഓഫീസ് മലപ്പുറം സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനായി ജില്ലാ കളക്ടർക്ക് നൽകിയ കത്തിന് മറുപടിയായി , സിവിൽ സ്റ്റേഷനിൽ നിലവിൽ റൂമുകൾ ഒന്നും തന്നെ ഒഴിവില്ലായെന്നും ആയതിനാൽ ടി ഓഫീസിനായി കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലത്തിന്റെ അളവ് അറിയിക്കുവാനും ടി ഉപഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് കെട്ടിടം വിഭാഗവുമായി ആലോചിച്ച് ഏകദേശം 50 സെന്റിൽ കുറയാത്ത ഭൂമി ആവശ്യമുണ്ടെന്ന് ഉപഡയറക്ടർ ജില്ലാ കളക്ടറെ അറിയിച്ചിരുന്നു. നിലവിൽ മലപ്പുറം കോട്ടപ്പടിയിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം നിലനിൽക്കുന്ന സ്ഥലത്തുതന്നെ എഡ്യൂക്കേഷൻ കോംപ്ലക്സ് പണിയുന്നത് മാത്രമാണ് ശാശ്വത പരിഹാരമെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 29/10/2019-ൽ ടി ഉപവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയും ആയതിലേക്കായി 2020-21 ബഡ്ജറ്റ് പ്രൊപ്പോസലിൽ 06 കോടി രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കി വോളിയം 02-ൽ ടോക്കൺ ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് പ്രസ്തുത എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിക്കുകയും ചെയ്തിരുന്നു. കെട്ടിടത്തിന്റെ സർവ്വേ സ്കെച്ച് , മണ്ണ് പരിശോധന, ടോട്ടൽ സ്റ്റേഷൻ സർവെയിങ്ങ് എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടം പണിയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ, സ്പെഷ്യൽ ബിൽഡിംഗ് സെക്ഷൻ പി.ഡബ്ല്യൂ.ഡിയിൽ നിന്നും ആർകി ടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി നൽകുകയും അത് പ്രകാരം ആവശ്യപ്പെട്ട Detailed Requirement Statement |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തിട്ടുണ്ട്. ചീഫ് ആർക്കിടെക്റ്റ് , റീജിയണൽ ഓഫീസ്, നോർത്ത് സർക്കിൾ കോഴിക്കോട് ഓഫീസിൽ വച്ച് 09/03/2021-ൽ നടന്ന യോഗത്തിൽ പ്രസ്തുത വിദ്യാഭ്യാസ ഉപഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിടം പ്ലാൻ ചീഫ് ആർക്കിടെക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ